(സി) ഹയർസെക്കന്ററി അദ്ധ്യാപകർക്ക് സമാനതസ്തിക മറ്റൊന്നില്ല. ഇതേ ശമ്പള സ്കെയിലുള്ളവർക്ക് 9-ാം ശമ്പള കമ്മീഷൻ പ്രകാരം അനുവദിച്ച ശമ്പളസ്കെയിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) നിലവിൽ ഹയർസെക്കന്ററി വകുപ്പിൽ ഹയർ സെക്കന്ററി (സീനിയർ) എന്നൊരു തസ്തിക നിലവിൽ ഇല്ല. ശമ്പള കമ്മീഷൻ റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതിയും, ധനകാര്യവകുപ്പും പരിശോധിച്ചുവരുന്നതിനാൽ ചോദ്യം ഇപ്പോൾ പ്രസക്തമല്ല.

നികുതിവകുപ്പിന്റെ കാര്യക്ഷമത ഉയർത്തുന്നതിന് പ്രഖ്യാപിച്ച ഇൻസെന്റീവ് പദ്ധതി

173 (187) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നികുതിവകുപ്പിന്റെ കാര്യക്ഷമത ഉയർത്തുന്നതിനായി എന്തൊക്കെ ഇൻസെന്റീവ് പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത്തരം ഇൻസെന്റീവ് നൽകുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങൾ സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നുവോ ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഇൻസെന്റീവ് പദ്ധതിക്കായി എത്ര ലക്ഷം രൂപയുടെ അവാർഡുകളാണ് നികുതിവകുപ്പ് ജീവനക്കാർക്ക് നൽകിയത് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ അവാർഡുകൾ വിതരണം നടത്താനായി എവിടെയാണ് സംസ്ഥാനതല പരിപാടി സംഘടിപ്പിച്ചിരുന്നത് ;

(എഫ്) ഇത്തരം പരിപാടി നടത്തുന്നതിനായി ഹോട്ടൽ വാടക ഇനത്തിലും മറ്റുമായി ആകെ എന്തുതുക ചെലവിട്ടു ;

(ജി) ഇതിന്റെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഊർജ്ജിതനികുതി പിരിവ് പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു പദ്ധതി ബഹു. ധനകാര്യമന്ത്രി 2009-10-ലെ ബജറ്റ് പ്രസംഗത്തിൽ ഖണ്ഡിക 258 പ്രകാരം പ്രഖ്യാപിച്ചിരുന്നു. വകുപ്പിലെ വിവിധ വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് അവാർഡുകൾ നൽകുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. ഇതിനായി 5 കോടി രൂപ വകയിരുത്തിയിരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ഇതിനായി വകുപ്പ് തലത്തിൽ നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

(1) അസസ്മെന്റ് വിഭാഗം

1. നികുതിപിരിവ് ലക്ഷ്യം കൈവരിക്കൽ
2. റിട്ടേൺ സ്ക്രൂട്ടിണി (കൂട്ട തികയ്ക്കുന്നതനുസരിച്ച്)
3. സ്ക്രൂട്ടിണി
4. (എ) സ്ക്രൂട്ടിണിയുടെ ഗുണമേന്മ, അധിക ഡിമാന്റ് സൃഷ്ടിക്കൽ/ 50000 രൂപയ്ക്കു മുകളിലുള്ള കേസുകൾ.

(ബി) മറ്റു ജില്ലകളിലുള്ള പ്രധാന കേസുകളിലും റിസൽട്ടുണ്ടാക്കാൻ കഴിയുന്ന സ്ക്രൂട്ടിണികളുണ്ടെങ്കിൽ അതും പരിഗണിക്കും.

5. ഫോം 13, 13എ എന്നീ ഫോമുകളുടെ സ്ക്രൂട്ടിണിയും അതിൽ നിന്നുള്ള റിസൽട്ടും.
6. ബെസ്റ്റ് ജഡ്ജ്മെന്റ് അസസ്മെന്റ് വഴി അധിക ഡിമാന്റ് ചുമത്തിയതും അതിന്മേലുള്ള കളക്ഷനും (എക്സ്പാർട്ടി ഒഴികെ)
7. OR, CR ഫയലുകളുടെ സമയബന്ധിതമായ തീർപ്പാക്കൽ.
8. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ, റീഫണ്ട് അപേക്ഷകൾ എന്നിവയുടെ തീർപ്പാക്കൽ.
9. സമയബന്ധിതമായി ലോക്കൽ ആഡിറ്റ് റിപ്പോർട്ട്, ഡ്രാഫ്റ്റ് പാരാ എന്നിവയുൾപ്പെടെയുള്ള ഓഡിറ്റ് എൻകുയറികളിലേക്ക് മറുപടിനൽകുന്നത്, അപ്പലേറ്റ് ഓർഡറുകളിന്മേലുള്ള നടപടികൾ, പഴയകുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ.
10. പൊതുജനസമ്പർക്കം.

(2) ഇന്റലിജൻസ് വിഭാഗം

1. ലക്ഷ്യം കൈവരിക്കൽ
2. വാഹനപരിശോധനാ റിസൽട്ട്, OR കേസുകളുടെ ബുക്കിംഗ്, സെക്യൂരിറ്റി സംഖ്യയുടെ (മുൻകൂർനികുതി ഒഴികെയുള്ള) കളക്ഷൻ.
3. കോമ്പൗണ്ടിംഗ് ഫീ പിരിവ്.
4. കടപരിശോധനയുടെ എണ്ണവും അതിന്മേലുള്ള റിസൽട്ടും.
5. ചെക്ക്പോസ്റ്റ് ടേക്ക്ഓവർ/ഓവർചെക്കിംഗ്
6. OR, CR ഫയൽ തീർപ്പാക്കലും അതിന്മേലുള്ള റിസൽട്ടും.

LIBRARY ARCHIVES Kerala Legislative Assembly

7. റെയിൽവേ, പാർസൽ ഏജൻസികൾ, ബസ്സുകൾ എന്നിവയുടെ പരിശോധനാഫലങ്ങൾ.

8. പുതിയ RC കേസുകളുടെ ബുക്കിംഗ്.

(3) ചെക്ക്പോസ്റ്റ് വിഭാഗം

1. OR കേസുകൾ കണ്ടെത്തി ബുക്ക് ചെയ്യൽ

2. പൊതുജനങ്ങളോടുള്ള പെരുമാറ്റവും കൃത്യനിഷ്ഠയും

3. ടീം മോട്ടിവേഷൻ

(4) ജനറൽ അഡ്മിനിസ്ട്രേഷൻ വിഭാഗം

1. ജോലിയിലും സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കുന്നതിലുമുള്ള കൃത്യത

2. പൊതുജനത്തോടുള്ള പെരുമാറ്റം, കൃത്യനിഷ്ഠ, മോട്ടിവേഷൻ

3. തീരുമാനങ്ങളെടുക്കുന്നതിലുള്ള സംഭാവന

(5) ഇന്റേണൽ ഓഡിറ്റ് വിഭാഗം

1. കേസുകൾ കണ്ടെത്തൽ

2. ഇതുവഴി കിട്ടാനിടയുള്ള റവന്യൂ വരുമാനം.

3. യഥാർത്ഥത്തിൽ ലഭിച്ച റവന്യൂ വരുമാനം.

4. ഇതിലെ തുടർനടപടികൾ.

(6) നിയമ ഓഫീസ്, അപ്പലേറ്റ് വിഭാഗം മുതലായവ നിയമ ഓഫീസർ, അഡീഷണൽ നിയമ ഓഫീസർ എന്നിവരുടെ പ്രവർത്തനം പരിശോധിച്ച് ജോയിന്റ് കമ്മീഷണർ (നിയമം) ശുപാർശ നൽകണം.

(ഡി) കാഷ് അവാർഡ് ഇനത്തിൽ 33,09,000 രൂപ വിതരണം ചെയ്തു.

(ഇ) എറണാകുളത്ത് കേരള സർക്കാരിന്റെ അധീനതയിലുള്ള കെ.ടി.ഡി.സി.-യുടെ ബോൾഗാട്ടി പാലസ് പരിസരത്താണ് ചടങ്ങ് സംഘടിപ്പിച്ചത്.

(എഫ്) ഇതുമായി ബന്ധപ്പെട്ട് 13,30,610 രൂപ ചെലവഴിച്ചു.

(ജി) ഇനംതിരിച്ച കണക്ക് ഇതോടൊപ്പം അനുബന്ധം I ആയി ചേർക്കുന്നു.*

വിൽപ്പന നികുതി ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക

174 (188) ശ്രീ. എം. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-12-2010-വരെ വില്പന നികുതി ഇനത്തിൽ കുടിശ്ശികയായി പിരിഞ്ഞുകിട്ടാനുള്ള തുക എത്രയെന്ന് ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly